# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1109 — 14.06.2012 ൽ -മറുപടിക്ക്

## റേഷൻ കാർഡുകളുടെ വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വർക്കല കഹാർ<br>,, കെ. അച്ചുതൻ<br>,, സി. പി. മുഹമ്മദ്<br>,, ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം റേഷൻ കാർഡുകൾ നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ പ്രവൃത്തി ദിവസങ്ങളിലും റേഷൻ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കാനും ശരിയായ എല്ലാ രേഖകളും സമർപ്പിക്കുന്ന കേസുകളിൽ അപേക്ഷിക്കുന്ന അന്നുതന്നെ റേഷൻ കാർഡ് നൽകാനുമുള്ള സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. സർക്കാരിന്റെ 100 ദിവസ കർമ്മ പരിപാടിയുടെ ഭാഗമായി കെട്ടിക്കിടന്ന മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി തീർപ്പുകൽപിക്കുകയും ചെയ്തു. അന്നന്നു കാർഡുകൾ വിതരണം ചെയ്യുന്നതിനും, അപേക്ഷകൾ ആഴ്ചയിൽ എല്ലാ ദിവസവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുള്ള പക്ഷം സ്വീകരിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. |
| (ബി) | എത്ര ലക്ഷം റേഷൻ കാർഡുകൾക്കുള്ള അപേക്ഷകളിൽ തീർപ്പു കല്പിച്ചിട്ടുണ്ട്; | (ബി) | പുതിയ റേഷൻകാർഡിനായി സമർപ്പിച്ച അപേക്ഷകളിൽ 659904 അപേക്ഷകളും കാർഡ് സംബന്ധിച്ച മറ്റ് 868704 അപേക്ഷകളും കഴിഞ്ഞ ഒരു വർഷത്തിനിടെ തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | അതിനായി എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിരുന്നത് ? | (സി) | സിവിൽ സപ്ലൈസ് വകുപ്പ് എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിലും ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് സി-ഡിറ്റ് ആണ് റേഷൻ കാർഡുകൾ തയ്യാറാക്കി നൽകുന്നത്. |

സെക്ഷൻ ഓഫീസർ